# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

For online Circulation | Vol. 1 Issue 5 | June 2008

## പള്ളികളുണ്ട് വിൽപ്പനയ്ക്ക്

കൊളെബായിലെ അഫ്ഗാൻ ചർച്ചിന്റെ ഗോപുരം



പള്ളികൾ വിൽപ്പനയ്ക്ക്.... കേൾക്കുമ്പോൾ അത്ഭുതം തോന്നേണ്ട ഇതങ്ങ് ലണ്ടനിലൊന്നുമല്ല. മുബൈയിലും പൂനയിലുമൊക്കെതന്നെ. ഒരുകാലത്ത് ഭാരതസുവിശേഷീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുള്ള ചില പ്രൊട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭകൾക്കാണ് ഈ ഗതികേട്. പക്ഷേ പല ഇടപാടുകളും ഇപ്പോൾ വിവാദമായിരിക്കുകയാണ്. ബീ. ഡി. റ്റി. (ബോംബെ ഡയോഷ്യൻ ട്രസ്റ്റ്, സി. എൻ. ഐ. സ്ഥാവര വസ്തുക്കളുടെ ഉടമസ്ഥാവകാശം ഈ ട്രസ്റ്റിനാണ്) അവരുടെ കീഴിലുള്ള പല പള്ളിപ്പറമ്പുകളും വില്ക്കുവാൻ ശ്രമിച്ചുകൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. ആയിരക്കണക്കിന് കോടികൾ വിലമതിക്കുന്ന വസ്തുക്കൾ ഈ ട്രസ്റ്റിന്റെ കീഴിലുണ്ട്. പുരാതനമായ അഫ്ഗാൻ ചർച്ച് ബോംബെ




ബോംബെ ഡയോഷ്യൻ ട്രസ്റ്റ് ഓഫീസ്

ജിംഗാനയ്ക്കടുത്തുള്ള ബീ. ഡി. റ്റി. ഓഫിസ്, മസ്ഗാവ് സെന്റ് പീറ്റേഴ്സ് ചർച്ച്, ആൾ സെയ്ന്റ്സ് മലബാർ ഹിൽ ഇങ്ങനെ പല പള്ളികളും വിൽക്കുവാൻ ശ്രമിച്ചവയിൽപ്പെടുന്നു. എന്നാൽ ഈ വസ്തുക്കൾ ദീർഘകാല പാട്ടത്തിന് നല്കിയതാണെന്നും അവ വില്ക്കുവാൻ ട്രസ്റ്റിന് അവകാശമില്ലെന്നും പറഞ്ഞ് പ്രതിരോധ വകുപ്പ് രംഗത്തുവന്നതോടെ വിൽപ്പന ശ്രമം പാളിയിരിക്കുകയാണ്.

കഴിഞ്ഞയിടയ്ക്ക് ശാബത്തുകാർ പൂനയിലെ മുന്തിയ സാലിസ്ബറി പാർക്ക് ഏറിയായിലുള്ള 250 കോടിയിലധികം വിലമതിക്കുന്ന വസ്തു വില്ക്കുവാൻ ശ്രമിച്ചിരുന്നു. ഈ പരബരയിൽ അവസാനം ഉണ്ടായിരിക്കുന്നത് വർളി മെതഡിസ്റ്റ് ചർച്ച് വില്ക്കുവാനുള്ള ശ്രമമാണ്. 200 കോടി രൂപാ വിലവരുന്ന ഈ വസ്തു സഭാംഗങ്ങളിൽ ചിലർ ചേർന്ന് അനധികൃതമായി വില്ക്കുവാൻ ശ്രമിക്കുകയാണ്.

**ആരാണ് വില്ക്കുന്നത്?**

ഈ പള്ളിപ്പറമ്പുകൾക്കെല്ലാം ഒന്നിലധികം ട്രസ്റ്റുകൾ അവകാശം പറയുന്നുവെന്നതാണ് രസകരമായ സംഗതി. തങ്ങളാണ് യഥാർത്ഥ ബീ. ഡി. റ്റി. എന്ന് അവകാശപ്പെട്ട് നാല് ട്രസ്റ്റുകൾ ഇപ്പോൾത്തന്നെ രംഗത്തുണ്ട്. 'വിശ്വാസികൾ' എന്ന് അവകാശപ്പെടുന്ന ചിലർകൂടി ഒരു ട്രസ്റ്റ് തുടങ്ങും എന്നിട്ട് ഏതെങ്കിലും ബിൽഡറെ പറഞ്ഞ് വിശ്വസിപ്പിച്ച് പള്ളി വില്ക്കുവാൻ ശ്രമിക്കും. മറ്റൊരു കൂട്ടർ പള്ളിയുടെ സംരക്ഷകരുടെ രൂപത്തിലാണ് വരുന്നത്. അവരും തുടങ്ങും ട്രസ്റ്റ്, സംരക്ഷിക്കാനാണെന്നാണ് ഭാവം. എന്നാൽ കണ്ണ് കോടികൾ വിലമതിക്കുന്ന സ്വത്തിലാണ്. അതിര് തർക്കം മാത്രമല്ല അധികാരതർക്കവും തകൃതിയായി നടക്കുന്നു. മുംബൈയിലെ മെതഡിസ്റ്റ് സഭകൾ ഇയിടെ ആരാണ് ബിഷപ്പ് എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടിലായിരുന്നു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഇടയൻ കോടികൾ വിലമതിക്കുന്ന അരമന ഒഴിയാതെവന്നപ്പോൾ കോടതിയും കേസുമായി. ബാംഗ്ലൂരിൽ നിന്ന് ഇറക്കുമതി ചെയ്ത പുതിയ ബിഷപ്പ് വഴിയിലുമായി. ഒടുവിൽ കോടതിയിടപ്പെട്ട് ഒരാൾക്ക് ആത്മീക വിഷയങ്ങളിലുള്ള അധികരാവും മറ്റൊരാൾക്ക് ഭൗതീക അധികാരങ്ങളും നല്കി പ്രശ്നം തീർക്കുവാൻ ശ്രമിച്ചു. എന്നാൽ ആടില്ലാത്തവർക്ക് എന്ത് ആത്മീക അധികാരം. അതുകൊണ്ട് രണ്ട് പേർക്കും വേണ്ടത് ഭൗതീകാധികാരങ്ങളാണ്.

**വിൽക്കുവാൻ ആടുകൾ സമ്മതിക്കുമോ?**

അതിന് ആടുകൾ ഉണ്ടായിട്ടുവേണ്ടേ ആവറ്റകൾ പണ്ടെ ജീവനും കൊണ്ട് രക്ഷപ്പെട്ടിരിക്കുന്നു. ഇനിം ബാക്കിയുള്ളത് പള്ളിപ്പണത്തിൽ മാത്രം കണ്ണുള്ള കുറെ ചെന്നായിക്കളാണ്. പള്ളിസ്ഥാപനങ്ങളുടെ തലപ്പത്തിരുന്ന് ഭരിക്കുന്ന കുറെപ്പേർശേഷിക്കുന്നുണ്ട്. പൂർണ്ണമായി ശ്വാസം നിലയ്ക്കുമ്പോൾ കൊത്തിവലിക്കാൻ കാത്തിരിക്കുന്ന കുറെ കഴുകന്മാർ മാത്രം. ഒരുകാലത്ത് നിറഞ്ഞ് കവിഞ്ഞ ആരാധനാലയങ്ങളാണ് ഇവയെന്ന് ഓർക്കണം. ഇന്ന് പലയിടത്തും കഷ്ടച്ചൊരു കാവൽക്കാരൻ ഉണ്ടെങ്കിലായി എല്ലാ ഇടവകയ്ക്കും കൊടുക്കുവാൻ പള്ളീലച്ചന്മാർ തികയുന്നില്ല. അതുകൊണ്ട് ആടുകളുടെ അനുവാദം അത്ര പ്രധാനപ്പെട്ട വിഷയമല്ല.

**ആടുകൾ പള്ളിവിട്ടതെന്ത്? ക്രിസ്ത്യാനിത്വം പരാജയപ്പെടുന്നുവൊ?**

ഒഴിയുന്ന പള്ളികളും കച്ചവടനാടകങ്ങളും മാധ്യമങ്ങൾ കൊണ്ടാടിയ വാർത്തകളായി. അവർ കൊടുത്തചിത്രം മുംബൈപ്പട്ടണത്തിൽ ക്രിസ്ത്യാനിത്വം തകരുന്നു എന്നതാണ്. പള്ളികൾ ആളൊഴിഞ്ഞു എന്നത് ശരിതന്നെ. ഇവയിൽ നല്ലൊരു പങ്കും (ഒരുകാലത്ത്) സുവിശേഷദർശനമുള്ള സഭകളായിരുന്നുവെങ്കിലും അതിൽ നിലനില്ക്കാഞ്ഞതുകൊണ്ട്, ക്രമമായി തുടരേണ്ട നവീകരണപ്രക്രീയ തുടരാഞ്ഞതുകൊണ്ട്, ആടുകൾ വെള്ളവും വെളിച്ചവും തീറ്റയും തേടിപോയി എന്നുമാത്രം. (കേരളത്തിലെ നവീകരണ സഭകൾക്ക് ഇതൊരു മുന്നറിയിപ്പാണ്.) അതുകൊണ്ട് മുംബൈയിലെ വിശ്വാസികൾ പിൻമാറിപ്പൊയിട്ടൊന്നുമില്ല.

**ആടുകൾ എവിടെപ്പോയി?**

മാധ്യമങ്ങൾ അറിഞ്ഞില്ലെന്ന് നടിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ദൈവസാന്നിദ്ധ്യമില്ലാത്ത പള്ളികൾ വിട്ട ജനം വീടുകളിലും, സ്കൂളുകളിലും മറ്റും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നു. വടക്കേ ഇൻഡ്യൻ വേരുകളുള്ള കരസ്മാറ്റിക്ക് സഭകൾക്ക് അഭൂതാപൂർവ്വമായ വളർച്ചയാണ് ലഭിക്കുന്നത്. ന്യൂ ലൈഫ് ഫെലൊഷിപ്പിന് മുംബൈയിൽ മാത്രം ആയിരക്കണക്കിന് ഹൗസ് ചർച്ചസും ലക്ഷക്കണക്കിന് വിശ്വാസികളും ഉണ്ട്. അതുപോലെ എത്രയോ സ്വതന്ത്രകൂട്ടങ്ങൾ ആഡിറ്റോറിയങ്ങളും ക്ലാസ് റൂമുകളും ഹോട്ടൽ കോൺഫറൻസ് ഹാളുകളും നിറഞ്ഞ് കവിഞ്ഞ് ആരാധിക്കുന്നു. ഇവർക്കൊന്നും വിറ്റുകളിക്കുവാനല്ല ഒന്നിരുന്നരാധിക്കുവാൻ പോലും കോടികളുടെ കെട്ടിടങ്ങൾ പോയിട്ട് ഒരു തുണ്ട് ഭൂമി പോലുമില്ല എന്നതാണ് സത്യം.



ബീ. ഡി. റ്റി. ഓഫീസിൽ നിന്നും നൂറ് മീറ്റർ അകലെ സ്കൂൾ ഓഡിറ്റോറിയത്തിൽ ആരാധിക്കുന്ന ഫെയ്ത്ത് സിറ്റി ചർച്ച്

# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

For online Circulation    Vol. 1 Issue 5    June 2008


## പെന്തക്കോസ്തരെ ആരും രാഷ്ട്രിയപ്രബുദ്ധരാക്കണ്ട

**എഡിറ്റോറിയൽ**

കേരളത്തിൽ കമ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങിവെച്ച മനഷ്യദൈവവേട്ട എല്ലാ ആത്മീക കച്ചവടക്കാരുടെയും ഉറക്കം കെടുത്തിയിരിക്കുന്നു. അതിന്റെ പ്രതികരണങ്ങൾ പരക്കെ അലയടിക്കുന്നു. കേരളത്തിലെ ചില കുട്ടിദൈവങ്ങൾ ഇല്ലാത്ത കണക്കുകൾ എങ്ങനെയെങ്കിലും ഉണ്ടാക്കിയെടുക്കണം എന്ന ആവശ്യവുമായി നെട്ടോട്ടം ആരംഭിച്ചു എന്നാണ് കേരനാട്ടിൽ നിന്നുള്ള അടക്കംപ്പറച്ചിൽ. സംഘടിക്കാത്തതാണ് പ്രശ്നമെന്ന് ചെറുതും വലതുമായ ഫ്രീലാൻസിങ്ങ് ഗുരുക്കന്മാർ കണ്ടുപിടിച്ചിരിക്കുന്നു. കേരളത്തിലെ വലതും ചെറുതുമായ ആശ്രമക്കാർ സംഘടിച്ച് അസോസിയേഷൻ ഉണ്ടാക്കിയത് കണ്ടിട്ടാവണം പെന്തക്കോസ്തിലെ മാധവന്മാരും സംഘടിക്കുവാൻ ഒരുക്കമാണ്. ഡിസംബറിൽ തലസ്ഥാന നഗരിയെ വെള്ളവസ്ത്രധാരികളെക്കൊണ്ട് (അതൊ ചുവപ്പൊ?) നിറയ്ക്കുമെന്നും പെന്തക്കോസ്തിന്റെ ശക്തി തെളിയിക്കുമെന്നും ഒക്കൊ ഒരു കൂട്ടം സ്ഥാനമോഹികൾ വാശിപിടിച്ച് നില്ക്കുകയായിരുന്നു. എന്നാൽ സ്വതവെ നിരുപദ്രവകാരികളായ പെന്തക്കോസ്തരിൽ നിന്ന് അനുകൂല പ്രതികരണം ലഭിച്ചില്ലെന്ന് മാത്രമല്ല മുതുർന്ന നേതാക്കന്മാർ റാലിക്കെതിരെ രംഗത്തെത്തുകയും ചെയ്തു. അങ്ങനെയിരിക്കുമ്പേഴാണ് ഗവൺമെന്റിന്റെ വകയായി ഒരു കച്ചിത്തുരുമ്പ് വീണ് കിട്ടുന്നത്. ഉടനെ തുടങ്ങി ന്യൂനപക്ഷ പീഡനം എന്ന വിലാപം.

കേരളത്തിൽ ഇന്ന് നടക്കുന്നത് ഭൂരിപക്ഷ പ്രീണനവും ന്യൂനപക്ഷ പീഡനവുമൊന്നുമല്ല. അങ്ങനെ ഒരു മതത്തൊടും പ്രത്യേക താല്പ്പര്യമുള്ളവരല്ല കമ്യൂണിസ്റ്റുകൾ. മറിച്ച് മതം അന്നും ഇന്നും അവരുടെ വളർച്ചയ്ക്ക് ശത്രുവാണ്. ലോകകമ്യൂണസത്തിന്റെ ചരിത്രം അതിന് സാക്ഷിയാണ്. ആ കമ്യൂണിസമല്ല ഇൻഡ്യയിലുള്ളത് എന്ന് പറയുവാൻ വരട്ടെ. അത് സാക്ഷാൽ സാത്താൻ മാനസാന്തരപ്പെട്ടു എന്നു പറയുന്നതിന് തുല്യമാണ്. നമ്മുടെ പാർട്ടിയിലെ യുവതുർക്കികൾ അവർക്ക് പാർലമെന്ററി വ്യാമോഹമില്ല എന്ന് പറയുകയും, ചുവന്നഭാരതം കാത്തിരുന്ന് മടുത്ത ഏതെങ്കിലും വയസൻ സഹാവിന് അങ്ങനെയൊരു ആശയുണ്ടായിപ്പോയാൽ കണ്ണുരുട്ടി വെരുട്ടുകയും ചെയ്യുമ്പോൾ എന്തു നല്ല കൊച്ചന്മാർ, ലേശം പോലും അധികരാമോഹമില്ലത്താവർ എന്ന് ചിന്തിക്കുന്നവർക്ക് തെറ്റുപ്പറ്റി. കമ്യൂണിസ്റ്റുകൾ വിഭാവനം ചെയ്യുന്ന സോഷിലിസ്റ്റ് ഭരണ സംവിധാനം നാം അഭിമാനം കൊള്ളുന്ന ജനാധിപത്യമല്ല. അത് അവർ മാത്രം ഭരിക്കുന്ന ഒരുതരം ഏകാധിപത്യമാണ്. അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്നത് വരെ അധികാരം വേണ്ടാ എന്നാണ് അവർ പറയുന്നതിന്റെ അർത്ഥം.

കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയും ഇതെ ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്. അത് അവരുടെ രഹസ്യ അജൻഡയുടെ ഭാഗമാണ്. പുറമെകാണുന്നതൊക്കെ അടവുനയങ്ങളും. ഇപ്പോഴുണ്ടായിരിക്കുന്ന ഏഴാം പാഠപുസ്തക വിവാദവും, ആത്മീക കച്ചവടക്കാരെ ഒതുക്കുവാനെന്ന പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകളും അവരുടെ യഥാർത്ഥ മുഖമാണ് അനാവരണം ചെയ്യുന്നത്. “തങ്ങളുടെതല്ലാത്ത എല്ലാ വിശ്വാസങ്ങളെയും താൽപര്യങ്ങളെയും പടിപടിയായായി കരിതേച്ചും ദ്രോഹിച്ചും കാലാന്തരത്തിൽ ഉന്മുലനം ചെയ്യുകയെന്നത് സർവ്വാധിപത്യ പ്രസ്ഥാനങ്ങളുടെ പ്രഖ്യാപിതലക്ഷ്യമാണ്; ലോകത്തിലെവിടെയും” എന്ന് എം.ജി.എസ്. നാരായണൻ എഴുതിയത് എത്രയൊ സത്യം.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,
പാസ്റ്റർ ഫിന്നി ചാലുങ്കൽ

## ചോദിക്കു.....പറയാം.....

ചോദ്യം : നൂറുകണക്കിന് വർഷങ്ങളായി പിന്തുടരുന്ന പാരമ്പര്യങ്ങൾ പാലിക്കേണ്ടതല്ലെ?

ഉത്തരം : മുഖ്യധാരാ ക്രൈസ്തവ സഭകൾ വെച്ചു പുലർത്തുന്ന വേദപുസ്തക വിരുദ്ധമായ ഉപദേശങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾ സാധാരണ കേൾക്കാറുള്ള ഒരുപശാന്തിയാണിത്. വേദപുസ്തകത്തിൽ ഞങ്ങളുടെ ആചാരങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് സമ്മതിച്ചു എന്നാൽ പുരാതന കാലം മുതൽ ഞങ്ങളുടെ സഭയുടെ പരമ്പര്യം അങ്ങനെയാണെന്നുള്ള ന്യായം പറച്ചിൽ. സഭയുടെ പാരമ്പര്യങ്ങളെയൊ കീഴ്വഴക്കങ്ങളെയൊക്കാൾ അധികം പ്രധാനപ്പെട്ടതാണ് തിരുവചനം. വചനം അനുശാസിക്കുന്ന ഒന്നിനെയും പരമ്പര്യം എന്നൊ കാലങ്ങളായി തുടരുന്ന മര്യാദ എന്നൊ പറഞ്ഞ് മറികടക്കുവാൻ പാടില്ല.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ കാര്യത്തിൽ വ്യക്തമായ ഉപദേശം തന്നെ നല്കിയിട്ടുണ്ട്. മർക്കോസ് 7 : 1 – 13 വരെ വായിക്കുമ്പോൾ നാമതു കാണുന്നു. തന്റെ ശിഷ്യന്മാർ പിതാക്കന്മാർ പിന്തുടരുന്ന സമ്പ്രദായങ്ങൾ ലംഘിക്കുന്നു എന്ന വിമർശനത്തിന് വളരെ ശക്തമായ ഭാഷയിലാണ് യേശു പരീശന്മാരോടും ശാസ്ത്രിമാരോടും മറുപടി പറയുന്നത്. 8–ാം വാക്യത്തിൽ നിങ്ങൾ മാനുഷ്യരുടെ സമ്പ്രദായങ്ങളെ പ്രമാണിക്കുവാൻ ദൈവകല്പന വിട്ടുകളഞ്ഞു എന്നാണ് യേശുവിന്റെ വിമർശനം. അവർ പരമ്പര്യങ്ങൾ കൊണ്ട് ദൈവകല്പനകളെ ദുർബലമാക്കിപോലും (7:13). പി.ഓ.സി ബൈബിളിൽ ഈ ഭാഗം വായിച്ചാൽ അർത്ഥം വളരെ വേഗത്തിൽ മനസ്സിലാക്കാം. അപ്പോൾ യേശുതന്നെ പഠിപ്പിച്ചത് പാരമ്പര്യങ്ങളെ കൊണ്ട് ദൈവീക പ്രമാണങ്ങളെ ദുർബലമാക്കരുത് എന്നായിരുന്നു.

ഇപ്പറഞ്ഞതിന്റെയൊക്കെ അർത്ഥം പാരമ്പര്യത്തിന്റെ പേരിൽ പള്ളി പറയുന്നതൊക്കെ വിഴുങ്ങാതെ വേദപുസ്തകം പഠിപ്പിക്കുന്നത് അനുസരിക്കണം എന്നത്രെ. ശിശു സ്നാനം, വിഗ്രഹവണക്കം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന. പെരുന്നാളുകൾ, തുടങ്ങി ഇന്ന് പള്ളിമതത്തിൽ ചുറ്റിപ്പറ്റിയുള്ള നൂറുകണക്കിന് അനാചാരങ്ങൾ പാരമ്പര്യത്തിന്റെ പേരിൽ നിലനിറുത്താതെ ദൈവചനത്തിലേക്ക് മടങ്ങിവന്നേ മതിയാകയുള്ളു.

പലനവീകരണ സഭകളും ഇന്ന് മനുഷ്യ നിർമ്മിതമായ കല്പനകളുടെ പിടിയിലാണ്. അതുകൊണ്ട് ദൈവം ആഗ്രഹിച്ച ലക്ഷ്യത്തിലെത്തുവാൻ അവർക്ക് കഴിയാതെ പിന്നെയും പിശാചിന്റെ തടവറകളായി അവ തീർന്നിരിക്കുന്നു. പക്ഷെ ജനത്തെ എല്ലാക്കാലത്തും തടഞ്ഞുനിർത്തുവാൻ ഈ കോട്ടകൾക്ക് ശക്തിപോരാ. പ്രകാശമുള്ളിടത്തേക്ക് സസ്യം വളരുന്നതുപോലെ ജലമുള്ളിടത്തേക്ക് വേരുകൾ വളരുന്നതുപോലെ ജനം സത്യവചനത്തിലേക്ക് ആകർഷിക്കപ്പെടുകതന്നെ ചെയ്യും. ഇന്ന് വേർപ്പെട്ട സമൂഹങ്ങൾ എന്ന് പറയുന്നവരും പലതിനും പരമ്പര്യത്തേ ആശ്രയിക്കുന്നതാണ് കാണുന്നത്. അപ്പച്ചന്മാരുടെ കാലത്ത് അതിങ്ങനെയല്ലായിരുന്നു എന്നതല്ല മറിച്ച് വചനം എങ്ങനെ പറയുന്നു എന്നതാകണം എല്ലാത്തിന്റെയും അടിസ്ഥാനം. ഒരു കാര്യ മറക്കരുത് പാരമ്പര്യം നവീകരണത്തിന്റെ ശത്രുവാണ്.

# The Servant of the Lord is not an Entertainer

**By Michael L. Brown**

When Scottish evangelist James Stewart was just a teenager, he was offered a golden opportunity to get his messages out around the world. Columbia Recording Company had already discovered a "boy gospel singer" and they were beginning to widely distribute his gospel music. Now, they wanted Stewart to record his messages and be Columbia's "Boy Preacher." He would preach and Columbia would get the message out to the nations. Just think of how many people could be reached! Just think of the income that could be generated! But Stewart's mother feared he wanted to accept the offer for his own glory, and then the Lord dealt with him clearly.

Stewart came to a shocking conclusion: Satan was trying to make him into a professional evangelist. That's right, a professional evangelist-the contemporary American norm! How interesting it is to see that, What many preachers would jump at today as a godsend, this young preacher recognized as a satanic trap. But for Stewart, God was killing ambition and the desire to be popular or make money through the Word. The Lord was preparing him for a true outpouring!

And so, shortly before World War II, when Stewart was barely 20 years old, he saw revival break out in Eastern Europe. He became deeply sensitive to the difference between modern, hyped-up meetings and true visitation, really putting his finger on the problem in his little book on "Hollywood Evangelism"

Speaking of our entertainment-oriented Christianity, he wrote: "The atmosphere of these meetings is so much like Hollywood that one might almost expect some comedian or film star to rush on the platform." (Today, we do have comedians and film stars rushing to the platform; they really draw the masses.) For Stewart, this was a no-compromise area: " I reuse to entertain sinners on their way to hell....I want to preach every time as though it were my last chance. I do not want souls to curse my name in the lake of fire and say, Yes I Went to such-and-such a Gospel meeting, but that preacher Stewart only entertained and joked. He made Christianity a farce!"

Entertainment has nothing to do with evangelism, amusement has nothing to do with anointing, and reputation has nothing to do with revival. (Taken from 'From Holy Laughter to Holy Fire' By Michael L. Brown' Published by ICN Ministries, Pensacola, We recommend it as a must to read Book)